സ്ഥാപനങ്ങൾ അനുവദിക്കുന്ന ദീർഘകാല വായ്പകൾക്ക് അഞ്ചു ശതമാനം പലിശ സബ്സിഡി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നതാണ്. ഇതിനു പുറമേ മറ്റ് യാതൊരു സഹായവും ടി പദ്ധതിയിൽ വിഭാവന ചെയ്തിട്ടില്ല. നവീകരണത്തിനുവേണ്ട ദീർഘകാലവായ്പകൾ, സംരംഭകൻ നേരിട്ട് ബാങ്കിന് നൽകേണ്ടതും, വായ്പ നേരിട്ട് സ്വീകരിക്കേണ്ടതുമാണ്. ഈ സാഹചര്യത്തിൽ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നുമുള്ള ധനസഹായത്തിന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടേണ്ടതില്ല.

45 (621) കയർമേഖലയുടെ വികസനം

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ കയർ റിസർച്ച് സെന്റർ ആരംഭിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) എക്കോ കയർ വില്ലേജുകൾ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ;

(ഡി) എങ്കിൽ ഇവ ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; ഇവ ഏതെല്ലാം ജില്ലകളിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കയർത്തൊഴിലാളികൾക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) കയർഫെഡ് വഴി ആരംഭിക്കാൻ നടപടി എടുത്തുവരുന്നു.

(സി) പ്രഖ്യാപിച്ചിരുന്നു.

(ഡി) ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട പരിശോധിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) ഈ പദ്ധതി നടപ്പാക്കുന്നത് തൊഴിൽ വകുപ്പാണ്. അടുത്ത സാമ്പത്തികവർഷം മുതൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

46 (622) കയറിന്റെ തറവില

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly